**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1944** **29-09-2025 - ൽ മറുപടിയ്ക്ക്**

**അതിസുരക്ഷാ നമ്പർ പ്ലേറ്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ എല്ലാ വാഹനങ്ങൾക്കും അതിസുരക്ഷാ നമ്പർ പ്ലേറ്റുകൾ ഏർപ്പെടുത്തുന്ന നടപടി നിലവിൽ ഏതു ഘട്ടത്തിലാണ്; വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് നിലവിൽ 2019 ഏപ്രിൽ 1 മുതൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ വാഹനങ്ങളിലും അതിസുരക്ഷാ നമ്പർ പ്ലേറ്റുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. 2019 ഏപ്രിൽ 1-ന് മുമ്പ് രജിസ്റ്റർ ചെയ്തിട്ടുള്ള വാഹനങ്ങൾക്ക് അതി സുരക്ഷാ നമ്പർ പ്ലേറ്റുകൾ ഘടിപ്പിക്കുന്നതിന് ടെണ്ടർ നടപടി ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഗതാഗത കമ്മീഷണർ തയ്യാറാക്കിയ ടെണ്ടർ ഡോക്യുമെന്റ് അംഗീകരിച്ചിട്ടുമുണ്ട്. |
| (ബി) | ഇത് നടപ്പിലാക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; ഇതിനായി വാഹന ഉടമകൾ ഒടുക്കേണ്ട ഫീസ് ഘടന എപ്രകാരമാണ്; വ്യക്തമാക്കുമോ; | (ബി) | ഇല്ല. താഴെ പറയും പ്രകാരമുള്ള ഫീസ് നിരക്ക് അടിസ്ഥാനമാക്കി ടെൻഡർ ക്ഷണിക്കുവാനാണ് സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളത്.<br><br>i) ഇരുചക്ര വാഹനം - 500/- രൂപ<br><br>ii) മുച്ചക്ര വാഹനം - 600/- രൂപ<br><br>iii) നാലുചക്ര വാഹനം- 1000/- രൂപ<br><br>iv) മീഡിയം & ഹെവി മോട്ടോർ വെഹിക്കിൾ - 1000/- രൂപ<br><br>v) ട്രാക്ടർ & അഗ്രികൾച്ചർ എക്യുപ്മെൻറ്സ് - 1000/- രൂപ |
| (സി) | സംസ്ഥാനത്തെ മുഴുവൻ വാഹനങ്ങൾക്കും ഇപ്രകാരം നമ്പർ പ്ലേറ്റുകൾ മാറ്റുമ്പോളുണ്ടാകുന്ന പ്രായോഗിക ബുദ്ധിമുട്ടുകളും കാലതാമസവും ഒഴിവാക്കുന്നതിന് എന്തൊക്കെ മുന്നൊരുക്കങ്ങൾ സ്വീകരിച്ചിട്ടുണ്ട്; വിശദീകരിക്കുമോ? | (സി) | ടെൻഡർ ഡോക്യുമെന്റ് അംഗീകരിച്ച നൽകിയിട്ടുണ്ട്. കേരളത്തിൽ ഉൽപാദനം നടത്തുന്നതും ഓട്ടോമൊബൈൽ രംഗത്ത് 25 വർഷത്തെ പരിചയമുള്ളവർക്കും ഓർഡർ ലഭിച്ച് 24 മണിക്കൂറിനകം HSRP ഘടിപ്പിക്കാൻ പ്രാപ്തരായവർക്കും മുൻഗണന നൽകുന്ന വിധത്തിലാണ് ടെൻഡർ ഡോകുമെന്റ് തയ്യാറാക്കിയിട്ടുള്ളത്. അതിനാൽ സമയബന്ധിതമായി HSRP ഘടിപ്പിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ